"ഭരണഭാഷ-മാതൃഭാഷ"

നം: B3-10600/16.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്,
കണ്ണൂർ, തീയ്യതി: 13/1/2017.
Pin: 670 002, Ph: 0497-2707903, 2700081.
E.mail : ddpknr@gmail.com

## ടെണ്ടർ നോട്ടീസ്

കണ്ണൂർ ജില്ലയിൽ വെച്ച് 2017 ഫെബ്രുവരി 18, 19 തീയ്യതികളിൽ നടക്കുന്ന സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷ പരിപാടിയിൽ പങ്കെടുക്കുന്ന പ്രതിനിധികൾക്ക് ഉപഹാരമായി നൽകുന്നതിലേക്ക് 3500 കോംപ്ലിമെന്ററി ഓഫീസ് ബാഗുകൾ സപ്ലൈ ചെയ്യുവാൻ തയ്യാറുള്ള ഉത്പാദക സ്ഥാപനങ്ങളിൽ നിന്നും സീൽ ചെയ്ത ടെണ്ടറുകൾ ക്ഷണിക്കുന്നു. ടെണ്ടറുകൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ടെണ്ടർ ഫോറം വില (Original) | 2000/- രൂപ + നികുതി |
| 2 | ടെണ്ടർ ഫോറം വില (Duplicate) | 1000/- രൂപ + നികുതി |
| 3 | ടെണ്ടർ ഫോറം ലഭിക്കുന്ന അവസാന ദിവസം | 25/1/2017 3.00 pm |
| 4 | ടെണ്ടർ സമർപ്പിക്കേണ്ട അവസാന ദിവസം, സ്ഥലം | 28/1/2017 3.00 pm<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, സിവിൽ സ്റ്റേഷൻ, കണ്ണൂർ. |
| 5 | ടെണ്ടർ തുറക്കുന്ന സമയം | 28/1/2017 3-30 pm<br>പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, സിവിൽ സ്റ്റേഷൻ, കണ്ണൂർ. |
| 6 | നിരതദ്രവ്യം | 12,250/- രൂപ |
| 7 | സെക്യൂരിറ്റി തുക | എഗ്രിമെന്റ് തുകയുടെ 5% |
| 8 | പെർഫോമൻസ് ഗാരന്റി | എഗ്രിമെന്റ് തുകയുടെ 5% |
| 9 | ടെണ്ടർ സ്വീകരിക്കുന്ന സ്ഥലം | പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, സിവിൽ സ്റ്റേഷൻ, കണ്ണൂർ. |

ടെണ്ടർ ഫോറം കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടരുടെ ഓഫീസിൽ നിന്നും പ്രവർത്തിസമയങ്ങളിൽ ലഭിക്കുന്നതാണ്.

(ഒപ്പ്)
ജനറൽ കൺവീനർ, പഞ്ചായത്ത് ദിനാഘോഷം 2017 &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ.

## നിബന്ധനകൾ

1. 15.5 X 12 ഇഞ്ച് വലിപ്പത്തിലുള്ള 3 വലിയ അറകളോടുകൂടി ജീൻസ് മെറ്റീരിയലിൽ നിർമ്മിച്ച ഓഫീസ് ബാഗ്. മദ്ധ്യ അറയിൽ ലാപ്ടോപ്പ് കമ്പാർട്ട്മെന്റ്, വലിയ അറയിൽ ഒരെണ്ണത്തിൽ പേന, മൊബൈൽ പൗച്ച്, മുൻഭാഗത്ത് ചെറിയ അറ എന്ന വിധത്തിലായിരിക്കണം ബാഗ് നിർമ്മിക്കേണ്ടത്.

2. ടെണ്ടറിനോടൊപ്പം സാമ്പിൾ കൂടി ഹാജരാക്കണം. അല്ലാത്തപക്ഷം ടെണ്ടർ സ്വീകരിക്കുന്നതല്ല. ഹാജരാക്കുന്ന സാമ്പിൾ തിരികെ നൽകുന്നതല്ല.

3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂരിന്റെ പേരിൽ ഫെഡറൽ ബാങ്ക് കണ്ണൂർ സൗത്ത് ബസാർ ബ്രാഞ്ചിൽ മാറാവുന്ന വിധം ഡിമാൻഡ് ഡ്രാഫ്റ്റ് ആയി വേണം നിരതദ്ര്യം അടയ്ക്കേണ്ടത്. മതിയായ നിരതദ്രവ്യം അടയ്ക്കാത്ത ടെണ്ടറുകൾ നിരസിക്കുന്നതായിരിക്കും.

4. സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകൾ സ്വീകാര്യമല്ലാത്തതിനാൽ അവ തുറന്നു പരിശോധിക്കുന്നതല്ല.

5. ഗുണനിലവാരം, നിരക്ക് എന്നിവയുടെ അടിസ്ഥാനത്തിൽ ഏതു ടെണ്ടറും അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യുവാൻ കമ്മിറ്റിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

6. ടെണ്ടർ അംഗീകരിച്ചുലഭിക്കുന്ന സ്ഥാപനം സപ്ലൈ ഓർഡർ ലഭിച്ച് 3 ദിവസത്തിനകം പെർഫോമൻസ് ഗ്യാരന്റിയായി എഗ്രിമെന്റ് തുകയുടെ 5% തുകയും (ആവശ്യമുള്ളപക്ഷം), സെക്യൂരിറ്റിയായി 5% തുകയും അടച്ചും എഗ്രിമെന്റ് വെച്ചും 15-2-2017 നകം മുഴുവൻ ബാഗുകളും മറ്റ പ്രാവശ്യമായി സപ്ലൈ ചെയ്തിരിക്കേണ്ടതാണ്. യാതൊരുകാരണവശാലും ഭാഗികമായോ, പലപ്രാവശ്യമായോ ബാഗുകൾ സ്വീകരിക്കുന്നതല്ല. ടി നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം സെക്യൂരിറ്റിയും, പെർഫോമർമൻസ് ഗ്യാരന്റി തുകയും സപ്ലൈയർക്ക് നഷ്ടപ്പെടുന്നതും, ആയത് തിരികെ ആവശ്യപ്പെടാൻ സപ്ലൈയർക്ക് അവകാശം ഉണ്ടായിരിക്കുന്നതുമല്ല. ഓരോ ബാഗിനുള്ളിൽ പഞ്ചായത്ത് ദിനാഘോഷം 2017, കണ്ണൂർ എന്ന് ആലേഖനം ചെയ്യേണ്ടതാണ്.

7. പെർഫോർമൻസ് ഗ്യാരന്റിയായി കെട്ടിവയ്ക്കുന്ന തുക ബാഗുകൾ സപ്ലൈ ചെയ്ത ശേഷം നൽകുന്ന ബില്ലിൽ ചേർത്ത് സപ്ലൈയർക്ക് തിരികെ വാങ്ങാവുന്നതാണ്.

8. ബാഗിന്റെ വിലയും, നികുതികളും, ട്രാൻസ്പോർട്ടിംഗ് ചാർജ്ജും, കയറ്റിറക്കുകൂലിയും ഉൾപ്പെടെയുള്ള തുക ബില്ലിൽ ഉൾപ്പെടുത്തേണ്ടതാകയാൽ ഇവയെല്ലാം ഉൾപ്പെടെയുള്ള തുകയായിരിക്കണം ടെണ്ടറിൽ ബാഗിന്റെ നിരക്കായി രേഖപ്പെടുത്തേണ്ടത്.

9. ടെണ്ടർ നൽകുന്നയാളിന്റെ പേരും മേൽവിലാസവും കവറിൽ രേഖപ്പെടുത്തേണ്ടതും കവറിന്റെ മുകൾഭാഗത്തായി ടെണ്ടറിന്റെ പേരും എഴുതേണ്ടതാണ്.

10. വാറന്റി/പ്രവർത്തന പരിചയം/സർവ്വീസ് സെന്ററുകളുടെ ലഭ്യത എന്നിവ പരിഗണിക്കപ്പെടും.

11. കമ്മിറ്റി നിർദ്ദേശിക്കുന്ന സ്ഥലത്തും, സമയത്തും ബാഗുകൾ സപ്ലൈ ചെയ്യേണ്ടതാണ്.

ടെണ്ടർ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാഫീസിലെ 04972700081 എന്ന ഫോൺ നമ്പറിൽ നിന്നും www.lsg.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്.

(ഒപ്പ്)
ജനറൽ കൺവീനർ, പഞ്ചായത്ത് ദിനാഘോഷം 2017 &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കണ്ണൂർ.